# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6093 07.11.2016 ൽ മറുപടിയ്ക്ക്**

## തെങ്ങ് സംരക്ഷണത്തിനു സമഗ്ര പദ്ധതി

ചോദ്യം
**ശ്രീ.ആർ.രാമചന്ദ്രൻ**

മറുപടി
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) 2011മുതൽ 2016 വരെയുള്ള വർഷങ്ങളിലെ കേരളത്തിലെ നാളികേര ഉത്പാദനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

എ) 2011-16 വർഷങ്ങളിലെ നാളികേര ഉല്പാദനം ചുവടെ ചേർക്കുന്നു.

| വർഷം | ഉല്പാദനം (ദശലക്ഷം നാളീകേരത്തിൽ) |
|---|---|
| 2010-11 | 5287 |
| 2011-12 | 5941 |
| 2012-13 | 5799 |
| 2013-14 | 5921 |
| 2014-15 | 5947 |
| 2015-16 | വിവരം ശേഖരിച്ചുവരുന്നു. |

ബി) തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2011-16 കാലയളവിൽ സർക്കാർ നഴ്സറികളിൽ എത്ര തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

ബി) തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2011-16 കാലയളവിൽ സർക്കാർ നഴ്സറികളിൽ ഉത്പാദിപ്പിച്ച തെങ്ങിൻ തൈകളുടെ കണക്ക് താഴെപ്പറയും പ്രകാരമാണ്.

2011-12 - 5,98,642
2012-13 - 7,35,719
2013-14 - 6,35,733
2014-15 - 2,12,298
2015-16 - 4,64,089

സി) തെങ്ങുകൾക്കുണ്ടാകുന്ന കീടബാധകൾ എന്തെല്ലാമെന്നും അതിനെ നിയന്ത്രിക്കുന്നതിന് നടപ്പിലാക്കി വരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

സി) കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, തെങ്ങോലപ്പുഴു, മണ്ഡരി, പൂങ്കുല ചാഴി എന്നിവയാണ് തെങ്ങുകളെ ബാധിക്കുന്ന പ്രധാന കീടങ്ങൾ.

1) കീടനിയന്ത്രണത്തിനും പ്രതിരോധത്തിനുമുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശം കൃഷി ഭവൻ വഴിയും പെസ്റ്റ് ബുള്ളറ്റിനുകൾ വഴിയും കർഷർക്ക് ലഭ്യമാക്കി വരുന്നു.

2) തെങ്ങോലപ്പുഴുവിന്റെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ

കീടനിയന്ത്രണത്തിനായി പരാദപ്രാണികളെ കൃഷി വകുപ്പിന് കീഴിലുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ വഴി സൗജന്യമായി ലഭ്യമാക്കി വരുന്നു.

3) അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെടുന്ന രൂക്ഷമായ കീടരോഗ ബാധ നിയന്ത്രിക്കുന്നതിനും, വ്യാപനം തടയുന്നതിനുമായി കാർഷിക സർവ്വകലാശാലയിലെയും മറ്റ് ഗവേഷണ കേന്ദ്രങ്ങളിലെയും വിദഗ്ധരടങ്ങുന്ന ടീം (Multi Disciplinary Diagnostic Team) പരിശോധന നടത്തുകയും പ്രസ്തുത ടീമിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉടനടിയുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി കണ്ടിജൻസി പദ്ധതി പ്രകാരം മരുന്നിന്റെ വിലയും ആയത് പ്രയോഗിക്കുന്നതിനുള്ള ചെലവും ആവശ്യമനുസരിച്ച് അനുവദിച്ചു വരുന്നു.

ഡി) തെങ്ങുകളേയും കേരകർഷകനേയും സംരക്ഷിക്കുന്നതിനും നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സമഗ്ര പദ്ധതികൾ നടപ്പിലാക്കുമോ; വിശദീകരിക്കാമോ?

ഡി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ, 54 ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4,500/-ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷം പദ്ധതിയ്ക്കായി നീക്കി വെച്ചിരിക്കുന്നത് സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

S. [signature]

**സെക്ഷൻ ഓഫീസർ**